## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.805.    07.02.2013-ൽ മറുപടിയ്ക്ക്**

## കാരുണ്യ ഫാർമസി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ ജയചന്ദ്രൻ: | | വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നതിന് തുടക്കം കുറിച്ച 'കാരുണ്യ ഫാർമസി' സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | എ) | ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 24 മണിക്കൂറും, കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 12 മണിക്കൂറും (രാവിലെ 8 മുതൽ രാത്രി 8 വരെ), കോഴിക്കോട് മെഡിക്കൽ കോളേജിൽ (പരീക്ഷണാടിസ്ഥാനത്തിൽ) രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയും ആണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നത്. തൃശ്ശൂർ, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ ഈ വർഷം തന്നെ ഒരു ഫാർമസിയെങ്കിലും തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു |
| ബി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | ബി) | സംസ്ഥാനത്ത് ഇപ്പോൾ മൂന്ന് കാരുണ്യ ഫാർമസികൾ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.<br>1.മെഡിക്കൽ കോളേജ് തിരുവനന്തപുരം<br>2. കല്ലറ സാമൂഹികരോഗ്യകേന്ദ്രം<br>3. മെഡിക്കൽ കോളേജ്, കോഴിക്കോട് |

| | | | |
|---|---|---|---|
| സി) | എല്ലാ ജീവൻരക്ഷാ മരുന്നുകളും കാരുണ്യ ഫാർമസിയിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ? | സി) | ഉണ്ട്. വിപണിയിൽ സുലഭമായ 7000 ൽപ്പരം ബ്രാൻഡഡ് മരുന്നുകളും (ക്യാൻസർ, ഹീമോഫീലിയ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയവ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ